**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - മുട്ടത്തറ കോമൺ ഫെസിലിറ്റി സെൻറർ നിർമ്മിക്കുന്നതിനായി നൽകിയിരുന്ന ഭരണാനുമതി പുനർനിർണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2/2022/മ.തു.വ തിരുവനന്തപുരം, 03/01/2022

പരാമർശം:-

1. 17/10/2012 ലെ സ.ഉ.(സാധാ) നം.830/2018/മതുവ
2. ഫിഷറീസ് ഡയറക്ടറുടെ 15/12/2021-ലെ DFTVM/667/2019-N1 നമ്പർ കത്ത്.

**ഉത്തരവ്**

മുട്ടത്തറയിൽ നിർമ്മിക്കുന്ന പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയത്തിൽ കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർ മ്മാണത്തിനായി പരാമർ ശം ( 1 ) പ്രകാരം 3.10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിയ്ക്കായി ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കമ്മ്യൂണിറ്റി ഹാൾ, ട്രെയിനിംഗ് ഹാൾ, അംഗൻവാടി, മാവേലി സ്റ്റോർ എന്നിവ ഉൾപ്പെടുന്നു. കോവിഡ് മഹാമാരി മൂലം 2020 ഒക്ടോബറിൽ പ്രവൃത്തി നടപ്പാക്കാൻ സാധിച്ചിരുന്നില്ലായെന്നും കോവിഡിന്റെ രണ്ടാം തരംഗത്തിനു ശേഷം 15/07/2021- ന് മാത്രമാണ് പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞതെന്നും പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി അറിയിച്ചിരുന്നതായും, നിലവിൽ കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നതായും ആയതിനാൽ മുട്ടത്തറ കോമൺ ഫെസിലിറ്റി സെന്ററിന് പരാമർശം (1) പ്രകാരം നൽകിയിരുന്ന ഭരണാനുമതി പുനർനിർണയിച്ച് ഉത്തരവാകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുട്ടത്തറ കോമൺ ഫെസിലിറ്റി സെന്ററിന് നിർമ്മിക്കുന്നതിനായി 4405-00-103-93 (പ്ലാൻ) എന്ന ശീർഷകത്തിൽ 3.10 കോടി രൂപയ്ക്ക് പരാമർശം (1) പ്രകാരം നൽകിയിരുന്ന ഭരണാനുമതി പുനർനിർണയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sabitha Sadasivan
Date: 04-01-2022 14:17:02
Reason: Approved

സെക്ഷൻ ഓഫീസർ